"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ സ്ഥലംമാറ്റം - പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2055/2022/H&FWD തീയതി,തിരുവനന്തപുരം, 19-08-2022

പരാമർശം:- 1. 27.12.2018-ലെ സ.ഉ(സാധാ) നം. 3806/2018/ആകുവ

2. 28.07.2022-ലെ സ.ഉ(സാധാ) നം.1811/2022/ആകുവ

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06.08.2022 തീയതിയിലെ ഇ.എ2-777/2021/ആവഡ നമ്പർ കത്ത്

ഉത്തരവ്

ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തിക (ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ) ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയായി താൽക്കാലികമായി തരംതാഴ്ത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) ഉത്തരവിലെ പട്ടികയിലെ ക്രമ നം. 28-ൽ പ്രസ്തുത തസ്തികയിൽ ജോലി നോക്കിയിരുന്ന ഡോ. അജി പി.എൻ.നെ തൊടുപുഴ ജില്ലാ ആശുപത്രി സൂപ്രണ്ടായി നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ ഡോ.അജി പി.എൻ-നെ അസിസ്റ്റന്റ് ഡയറക്ടർ എന്ന് തെറ്റായി പരാമർശം (2) ഉത്തരവിൽ ചേർത്തിരുന്നു. ആയതിനാൽ, ഡോ.അജി പി.എൻ-ന്റെ തസ്തിക അസിസ്റ്റന്റ് ഡയറക്ടർ എന്നത് മാറ്റി ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ എന്ന് തിരുത്തൽ വരുത്തണമെന്നും, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയായ തൊടുപുഴ ജില്ലാ ആശുപത്രി സൂപ്രണ്ട് തസ്തിക ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയായി തരംതാഴ്ത്തണമെന്നും, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയായ ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിലെ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ തസ്തിക അസിസ്റ്റന്റ് ഡയറക്ടർ തസ്തികയായി ഉയർത്തണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർ ശം (3) കത്ത് മുഖേന അറിയിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർശം (2) ഉത്തരവിലെ പട്ടികയിൽ ക്രമ നമ്പർ 2 8 ആയി തൊടുപുഴ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയ ഡോ.അജി പി.എൻ-ന്റെ തസ്തിക ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ എന്നാക്കി തിരുത്തിയും തൊടുപുഴ ജില്ലാ ആശുപത്രി സൂപ്രണ്ട്(അസിസ്റ്റന്റ് ഡയറക്ടർ) തസ്തിക ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയായി തരംതാഴ്ത്തിയും, ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിലെ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ തസ്തിക ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർ

തസ്തികയായി ഉയർത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശിത ഉത്തരവ് മേൽ പരിഷ്കാരങ്ങളോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിന് പ്രകാരം)
ശ്രീജിത്ത്.വി.പി
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
സൂപ്രണ്ട്, ജില്ലാ ആശുപത്രി, തൊടുപുഴ, ഇടുക്കി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ &ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിന് പ്രകാരം,
സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നം. ഇഎ1 - 777/2021/ആവഡ, തീയതി. 22.08.2022.

പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി.

22.8.22